പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST ENVIRONMENT AND TOURISM)

**'വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

**(Under Rule 239 of the Rules of Procedure and Conduct of Business in the Kerala Legislative Assembly)**

2018 ഏപ്രിൽ 4-ാം തീയതി സമർപ്പിച്ചത്

(Presented on 4th April 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST ENVIRONMENT AND TOURISM)

**'വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

(Under Rule 239 of the Rules of Procedure and Conduct of
Business in the Kerala Legislative Assembly)

769/2018

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | I |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2016-2018)

### ഘടന

ചെയർമാൻ:

ശ്രീ. കെ. രാജു

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

എക്സ്-ഒഫിഷ്യോ അംഗം:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

അംഗങ്ങൾ:

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. എൻ. എ. ഖാദർ*

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി.എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

---

* 2017 ഡിസംബർ 11-ാം തീയതിയിലെ ബുള്ളറ്റിൻ-ഭാഗം 2 നമ്പർ 342 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടു.

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ൻെറ അദ്ധ്യക്ഷനായ ഞാൻ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (i) (iii) പ്രകാരം തയ്യാറാക്കിയ "വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം" എന്ന വിഷയത്തെ സംബന്ധിക്കുന്ന റിപ്പോർട്ട് ചട്ടം 239 പ്രകാരം സമർപ്പിക്കുന്നു.

ഭൂമിയുടെ ശ്വാസകോശം എന്ന് വിശേഷിപ്പിക്കുന്ന വനങ്ങൾ ജീവന്റെയും ജൈവവൈവിധ്യങ്ങളുടെയും കലവറയാണ്. ജീവജാലങ്ങൾക്ക് ഒഴിച്ചു കൂടാനാവാത്ത പ്രാണവായുവിൻെറ സാന്നിധ്യം നിരന്തരം നിലനിർത്തുന്ന വനങ്ങൾ ജീവികളുടെ ആവാസവ്യവസ്ഥ കാത്തുസൂക്ഷിക്കുന്നതിലും, ജലലഭ്യത ഉറപ്പുവരുത്തുന്നതിലും വഹിക്കുന്ന പങ്ക് നിസ്തുലമാണ്. വ്യത്യസ്തങ്ങളായ ഔഷധങ്ങളുടെ ഖനിയായ നമ്മുടെ വനങ്ങൾ ജലസമ്പന്നമായ പല നദികളുടെയും ഉത്ഭവ സ്ഥാനവും കൂടിയാണ്. ഭൂഗർഭജല സമ്പത്ത് വർദ്ധിപ്പിക്കുക, മണ്ണൊലിപ്പ് തടയുക, അന്തരീക്ഷത്തിലെ ഓക്സിജൻെറ സാന്നിധ്യം വർദ്ധിപ്പിക്കുക തുടങ്ങിയ വിലമതിക്കാനാവാത്ത ധർമ്മങ്ങളുടെ കാവൽക്കാർ കൂടിയായ വനങ്ങൾ വനാശ്രിത സമൂഹങ്ങൾക്ക് അഭയകേന്ദ്രവും, തൊഴിൽ ദാതാവും സർവ്വോപരി സമൃദ്ധമായ ജീവിത ചുറ്റുപാടും പ്രദാനം ചെയ്യുകയും ചെയ്യുന്നു.

ഇപ്രകാരം പരിസ്ഥിതി-കാലാവസ്ഥാ ഘടകങ്ങളുടെ സന്തുലനം, കുടിവെള്ളം ഉൾപ്പെടെയുള്ള പാരിസ്ഥിതിക സേവനങ്ങൾ എന്നീ സുപ്രധാന ധർമ്മങ്ങൾ അനുഷ്ഠിക്കുന്ന നമ്മുടെ വനങ്ങളുടെ വ്യാപ്തി ദിനംപ്രതി ശോഷിക്കുന്നുവെന്നത് കാലാവസ്ഥാ വ്യതിയാനത്തിലേയ്ക്കും തദ്വാരാ ഗുരുതരമായ ഭവിഷ്യത്തിലേയ്ക്കും നമ്മെ നയിക്കും.

കേരളമൊട്ടാകെ 1977 ജനുവരി 1-ന് ശേഷം കൈയ്യേറ്റക്കാർ നിയമവിരുദ്ധമായി ഏകദേശം 7289 ഹെക്ടർ വനഭൂമി കൈയ്യേറിയിട്ടുണ്ടെന്നും നിബിഢ വനമേഖല 100 ച. കി. മീ. കുറഞ്ഞുവെന്നും, 2005-ലെ വന വിസ്തൃതി 15.574 ചതുരശ്ര കി.മീ.-ൽ നിന്നും 11.309 ചതുരശ്ര കി.മീറ്റർ ആയി ചുരുങ്ങിയെന്നും വനനശീകരണത്തിന്റെ വ്യാപ്തി നമ്മെ ബോധ്യപ്പെടുത്തുന്നു. അതോടൊപ്പം വനസംരക്ഷണത്തിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

വന നശീകരണത്തിൽ നിന്നും വനസമ്പത്ത് കയ്യേറുന്നതിൽ നിന്നും സംരക്ഷണം നൽകേണ്ടത് ഫലപ്രദമായ വനപരിപാലനത്തിന് അത്യന്താപേക്ഷിതമാണ്. ഇതിനായി 1988-ൽ കേന്ദ്ര സർക്കാർ ദേശീയ വനനയം നടപ്പാക്കിയതിൻെറ ഭാഗമായി കേരളത്തിൽ 1988 മുതൽ പങ്കാളിത്ത വന പരിപാലനം നടപ്പിലാക്കുകയും വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റി തുടങ്ങിയ സംവിധാനങ്ങൾ രൂപീകരിച്ച്

പ്രവർത്തിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. വനപരിപാലന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് പ്രസ്തുത സമിതികൾ പ്രധാന പങ്കു വഹിക്കുന്നു. വനത്തിന്റെ അഭിവൃദ്ധിക്കും വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തുന്നതിനും, നിയമാനുസൃതവും, നീതിപൂർവ്വകമായും വനവിഭവങ്ങൾ വിനിയോഗിക്കുന്നതിനും, സർവ്വോപരി വനസംരക്ഷണത്തിനുമായി പ്രസ്തുത സമിതികളുടെ പ്രവർത്തനം വിപുലവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയ സമിതി സംസ്ഥാനത്തെ വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും അവയുടെ നിലവിലെ പ്രവർത്തന രീതികളെക്കുറിച്ചും മനസ്സിലാക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം വിഷയം പരിഗണനയ്ക്കെടുക്കുകയും 7-12-2016, 5-7-2017, 11-10-2017 എന്നീ തീയതികളിൽ, വനംവന്യജീവി വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാനത്തെ മുഖ്യ വനപാലകൻ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി വിശദമായ ചർച്ച നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന വസ്തുതകളും ഇത് സംബന്ധിച്ച് സമിതി നിർദ്ദേശിച്ച ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2018 മാർച്ച് 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2018 മാർച്ച് 26.

# റിപ്പോർട്ട്

കേരളത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 29.1% അതായത് 11309 ചതുരശ്രകിലോമീറ്റർ വനമേഖലയാണ്. പ്രസ്തുത വനമേഖല വനം വന്യജീവി വകുപ്പിന്റെ മേൽനോട്ടത്തിലാണ് സംരക്ഷിച്ചുപോരുന്നത്. ഈ വനമേഖലയെ സംരക്ഷിതവനം (reserved) നിർദ്ദിഷ്ട സംരക്ഷിതവനം (proposed reserve), നിക്ഷിപ്തവനം (vested) പരിസ്ഥിതിദുർബല പ്രദേശങ്ങൾ (Ecologically fragile land) എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. പ്രകൃതിദത്തമായ നിബിഡ വനങ്ങൾ കൂടാതെ തേക്ക്, ഈട്ടി തുടങ്ങിയ വിലപിടിപ്പുള്ള മരങ്ങൾ ഉൾക്കൊള്ളുന്ന 1.48 ലക്ഷം ഹെക്ടർ വരുന്ന തോട്ടങ്ങൾ ഈ വനവിസ്തൃതിയിൽ ഉൾപ്പെടുന്നു. വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന തോടൊപ്പം വന്യജീവി സങ്കേതങ്ങളും, ദേശീയോദ്യാനങ്ങളും ഉൾപ്പെടുന്ന സംരക്ഷിത മേഖലയുടെ പരിചരണം, ശുഷ്കിച്ച പ്രദേശങ്ങളിലെ വനവൽക്കരണം, തേക്ക് തോട്ടങ്ങളിലെ തടി മുറിച്ചുമാറ്റൽ, ഇടവെട്ടൽ, വനേതര ഭൂമിയിൽ എന്റെ മരം, നമ്മുടെ മരം മുതലായ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുക, തടിയേതര വനവിഭവങ്ങളുടെ തൈ നട്ടുപിടിപ്പിക്കൽ, വന സംരക്ഷണത്തിനും വനപരിപാലനത്തിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നത്.

2. വനവൽക്കരണ/വനപരിപാലന പ്രവർത്തനങ്ങളിൽ തദ്ദേശവാസികളായ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്ന 1988-ലെ ദേശീയ വനനയത്തിന്റെ ചുവടുപിടിച്ച് ദേശീയ വനനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1988 മുതൽ കേരളത്തിൽ പങ്കാളിത്ത വനപരിപാലനം നടപ്പിലാക്കിവരുന്നു. വനാശ്രിത സമൂഹത്തെ പങ്കാളികളാക്കി വനസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനുള്ള ഒരു പ്രക്രിയയാണ് പങ്കാളിത്ത വനപരിപാലനം. വനാശ്രിതരുടെ ജീവനോപാധിക്ക് ഊന്നൽ നൽകുന്നതോടൊപ്പം വനാശ്രിതത്വം കുറയ്ക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ വനാശ്രിതരായ തദ്ദേശീയവാസികളെ അംഗങ്ങളാക്കി സമിതികൾ രൂപീകരിച്ച് അവരെ പങ്കാളികളാക്കി വന പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾക്കായി ടെറിറ്റോറിയൽ വനം ഡിവിഷനുകളിൽ രൂപീകരിക്കുന്ന സമിതികൾ "വന സംരക്ഷണ സമിതികൾ" എന്നും വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാസങ്കേതങ്ങൾ എന്നീ വനമേഖലകളിൽ രൂപീകരിക്കുന്നവ "ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ" എന്നും അറിയപ്പെടുന്നു. 1996-ൽ പെരിയാറിൽ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിയ ഇന്ത്യാ ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ നിലവിൽ വന്നു. സമിതി അംഗങ്ങളിൽ ഒരാളെ പ്രസിഡന്റായി തെരഞ്ഞെടുക്കുന്നു. ബീറ്റ് ഫോറസ്റ്റ് ഓഫീസറോ, സെക്ഷൻ ഫോറസ്റ്റ് ഓഫീസറോ ആയിരിക്കും സമിതി സെക്രട്ടറി. ജനറൽ ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിങ്ങനെ രണ്ടു തരം കമ്മിറ്റികൾ സമിതികൾക്കുണ്ടായിരിക്കും. സമിതികളുടെ പ്രവർത്തനങ്ങൾ

നടപ്പാക്കുക എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തൽ, നിയമാനുസൃതവും നീതിപൂർവ്വവുമായി വനവിഭവങ്ങൾ വിനിയോഗിക്കൽ, വന സംരക്ഷണം എന്നീ ഉത്തരവാദിത്വങ്ങൾ മേൽപ്പറഞ്ഞ സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നു.

3. റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിൽ ഒരു വനപ്രദേശത്ത് താമസക്കാരായ മുഴുവൻ ആളുകളെയും ഉൾക്കൊള്ളിച്ചാണ് വനസംരക്ഷണ സമിതികൾ രൂപീകരിക്കുന്നത്. ഒരു പഞ്ചായത്ത് വാർഡിൽ വരുന്ന പ്രദേശത്തെ പൊതുവായി ഇതിൽ ഉൾപ്പെടുത്തുന്നു. ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഈ സമിതിക്ക് രജിസ്ട്രേഷൻ നൽകുന്നു. ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ രണ്ട് അംഗങ്ങൾക്ക് സമിതിയിൽ അംഗങ്ങളാകാം. ഒരു സമിതിയിൽ പരമാവധി 365 കുടുംബങ്ങൾക്ക് അംഗത്വം നൽകുന്നു.

### വി. എസ്. എസ്, ഇ. ഡി. സി. എന്നിവയുടെ ഭരണസംവിധാനം

4. വി.എസ്.എസ്, ഇ.ഡി.സി. എന്നിവയുടെ അധികാര പരിധിയിലുള്ള എല്ലാ കുടുംബങ്ങളിലെയും കുടുംബനാഥനും കുടുംബനാഥയും ഉൾപ്പെടുന്നതാണ് സമിതികളുടെ ജനറൽ ബോഡി.

### വി. എസ്. എസ്./ഇ. ഡി. സി. കളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി

#### <u>ഔദ്യോഗിക അംഗങ്ങൾ</u>

5. വനാശ്രിതത്വത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ ബോഡിയിൽനിന്നും 9 അംഗങ്ങളെ ഔദ്യോഗിക അംഗങ്ങളായി തെരഞ്ഞെടുക്കുന്നു. ഇതിൽ കുറഞ്ഞത് 3 പേർ സ്ത്രീകളായിരിക്കും. ജനറൽ ബോഡിയിലെ പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങളുടെ പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രാതിനിധ്യം എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ഈ വിഭാഗങ്ങൾക്ക് നൽകുന്നു.

#### എക്സ് - ഒഫീഷ്യോ അംഗങ്ങൾ

- ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ
- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രതിനിധി
- ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

#### വന വികസന ഏജൻസി

6. ഒരു വനം ഡിവിഷന്റെ കീഴിലുള്ള വി.എസ്.എസ്./ഇ.ഡി.സി. കളുടെ അപ്പക്സ് ബോഡിയാണ് "വനവികസന ഏജൻസി" (ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി).

**വന വികസന ഏജൻസികളുടെ ജനറൽ ബോഡി**

ബന്ധപ്പെട്ട ഫോറസ്റ്റ് കൺസർവേറ്റർ ആണ് ജനറൽ ബോഡിയുടെ ചെയർമാൻ.

**ഔദ്യോഗിക അംഗങ്ങൾ**

- അംഗങ്ങളായിട്ടുള്ള വി.എസ്.എസ്./ഇ.ഡി.സി.കളുടെ പ്രസിഡന്റുമാർ
- ഓരോ വി.എസ്.എസ്./ഇ.ഡി.സി. യിലും നോമിനേറ്റ് ചെയ്യുന്ന ഓരോ വനിതാ പ്രതിനിധി വീതം

**എക്സ് - ഒഫിഷ്യോ അംഗങ്ങൾ**

- എല്ലാ വി.എസ്.എസ്./ഇ.ഡി.സി. കളുടെയും മെമ്പർ സെക്രട്ടറിമാർ
- വനവികസന ഏജൻസികളുടെ അധികാര പരിധിയിൽവരുന്ന എല്ലാ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരും
- ജില്ലാതല ഉദ്യോഗസ്ഥന്മാർ - ആർ.ഡി.ഒ, ഡിസ്ട്രിക്റ്റ് പ്ലാനിംഗ് ഓഫീസർ, എക്സൈസ്, കൃഷി, മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, പട്ടികവർഗ്ഗ വികസനം, പഞ്ചായത്ത്, വ്യവസായം, ആരോഗ്യം, ചെറുകിട ജലസേചനം, ഫിഷറീസ്, സഹകരണം, ഗ്രാമവികസനം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ ജില്ലാതല ഓഫീസർമാർ.
- ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസികളുടെ അധികാര പരിധിയിൽ വരുന്ന ലീഡ് ബാങ്കിന്റെ പ്രതിനിധി.
- ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആണ് വനവികസന ഏജൻസിയുടെ മെമ്പർ സെക്രട്ടറി.

**വനവികസന ഏജൻസിയുടെ എക്സിക്യൂട്ടീവ് ബോഡി**

- ചെയർമാൻ - ഫോറസ്റ്റ് കൺസർവേറ്റർ
- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
- ഔദ്യോഗിക അംഗങ്ങൾ-വി.എസ്.എസ്/ഇ.ഡി.സി കളിൽ നിന്നും നോമിനേറ്റ് ചെയ്യുന്ന ഓരോ പ്രതിനിധി വീതം
- ജനറൽ ബോഡിയിൽ അംഗങ്ങളായിട്ടുള്ള എല്ലാ എക്സ് -ഒഫിഷ്യോ അംഗങ്ങളും എക്സിക്യൂട്ടീവ് ബോഡിയിൽ ഉൾപ്പെടുന്നു.

**സംസ്ഥാന വനവികസന ഏജൻസി**

7. വന വികസന ഏജൻസികളുടെ അപ്പക്സ് ബോഡിയാണ് സംസ്ഥാന വനവികസന ഏജൻസി.

8. വനസംരക്ഷണ സമിതികളെ രണ്ടായി തരം തിരിച്ചിരിക്കുന്നു. വനത്തിനോട് ചേർന്ന് ജിവിക്കുന്നവർ അംഗങ്ങളായ 'ഫ്രിൻജ് വി.എസ്.എസ്'. എന്നും വനത്തിനുള്ളിലോ വനാതിർത്തിയിലോ ജീവിക്കുന്നവരും പരമ്പരാഗതമായി വന വിഭവങ്ങൾ ശേഖരിക്കുന്നവരുമായ ആദിവാസികൾ മാത്രം അംഗങ്ങളായ 'ആദിവാസി വി.എസ്.എസ്.' എന്നും. വനവിഭവങ്ങൾ ലഭ്യമായ ഇടങ്ങളാണ് ആദിവാസി വന സംരക്ഷണ സമിതിയുടെ പ്രവർത്തന മേഖല. നിലവിൽ സംസ്ഥാനത്ത് 390 വന സംരക്ഷണ സമിതികളും, 200 ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുവെന്നും ഇവയുടെ മേൽനോട്ടത്തിൽ ഏകദേശം 20000 ഹെക്ടർ വനഭൂമി സംരക്ഷിച്ചുവരുന്നുവെന്നും ആകെ 71503 കുടുംബങ്ങൾ ഇവയിൽ അംഗങ്ങളായിട്ടുണ്ടെന്നും ഇവരിൽ 10524 പട്ടികജാതി കുടുംബങ്ങളും, 19093 പട്ടികവർഗ്ഗ കുടുംബങ്ങളും ഉൾപ്പെടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു.

9. വനസംരക്ഷണ വനപരിപാലന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തി അതുവഴി വനാശ്രിതരുടെ ജീവനോപാധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ, വനസംരക്ഷണം (അതിരുകൾ വ്യക്തമാക്കുക, കാട്ടുതീ, കടന്നുകയറ്റം, കാലിമേച്ചിൽ, മരംമുറി, പച്ചിലശേഖരണം, വനവിഭവശേഖരണം എന്നിവ ഒഴിവാക്കുക/നിയന്ത്രിക്കുക), വനപരിപാലനം (വനവൽക്കരണ പരിപാടികൾ, പുനരുൽപ്പാദനം, മണ്ണ്/ജലസംരക്ഷണ പ്രവർത്തികൾ തുടങ്ങിയവ), തടിയിതര വനവിഭവ വികസനം (വിറക്, കാലിത്തീറ്റ, ഔഷധ സസ്യങ്ങൾ, മേച്ചിൽ സ്ഥലങ്ങൾ, പച്ചിലവളം തുടങ്ങിയവയ്ക്ക് ആവശ്യമായ നടീലും പരിപാലനവും. തടിയിതര വനവിഭവങ്ങളുടെ സ്ഥായിയായ ശേഖരണവും മൂല്യവർദ്ധിത വിപണനവും), വനേതര ഭൂമിയിലെ വിഭവപരിപാലനം (വനത്തിന് പുറത്തുള്ള ഗ്രാമപ്രദേശങ്ങളിലെ മണ്ണ്/ജലസംരക്ഷണം), ഗ്രാമതല വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള മറ്റു കർമ്മപരിപാടികൾ, ഇക്കോടൂറിസം പരിപാടികൾ തുടങ്ങിയവ പങ്കാളിത്ത വനപരിപാലന സംവിധാനത്തിലൂടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

10. ഇത്തരം പ്രവർത്തനങ്ങൾ വലിയൊരളവിൽ അവരുടെ ജീവനോപാധി വർദ്ധിപ്പിക്കാൻ സഹായിക്കുന്നതായി സമിതി വിലയിരുത്തുന്നു. പങ്കാളിത്ത വനപരിപാലന നടത്തിപ്പും, ഇക്കോടൂറിസം പ്രദേശത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പുഴ-വനം സംരക്ഷണ നിധിയെ സംബന്ധിച്ചും സർക്കാർ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

11. വനസംരക്ഷണ/വനവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് അതാത് സ്കീം/പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർക്കാർ നിരക്കനുസരിച്ചും, ഇക്കോടൂറിസം മേഖലകളിലെ ഗൈഡുമാരുടെ വേതനം അതാത് വന വികസന ഏജൻസികളുടെ ജനറൽ

ബോഡി തീരുമാനിച്ച നിരക്കിലും വനസംരക്ഷണ സമിതി പ്രസ്തുത പ്രവർത്തിയിൽ പങ്കെടുത്തവർക്ക് നേരിട്ട് നൽകുകയോ, വീതം വയ്ക്കുകയോ ചെയ്തു വരുന്നു. എല്ലാവർക്കും ഒരുപോലെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ ജനറൽ ബോഡി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം എല്ലാ അംഗങ്ങളെയും റൊട്ടേഷൻ അടിസ്ഥാനത്തിൽ മേൽ പ്രവർത്തികളിൽ പങ്കാളികളാക്കുന്നു. ഓരോ തരം പ്രവർത്തിക്കും ആവശ്യമായ ആളുകളെ വന സംരക്ഷണ സമിതി തന്നെ അംഗങ്ങളിൽ നിന്നും നേരിട്ട് നിയോഗിക്കുന്നു.

12. ഇക്കോടൂറിസം മേഖലയിൽ സന്ദർശനം നടത്തുന്ന സഞ്ചാരികളിൽ നിന്ന് സന്ദർശന ഫീസായോ, വാഹന പാർക്കിംഗ് ഫീസായോ ശേഖരിച്ച് സ്വരൂപിക്കുന്ന പൃഥ-വനം സംരക്ഷണ നിധിയിൽ നിന്നും വേതനം, പ്രസ്തുത മേഖലയുടെ സംരക്ഷണം, പരിപാലനം തുടങ്ങിയ കാര്യങ്ങൾ ഇക്കോടൂറിസം മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടത്തുന്നു. പ്രസ്തുത വരുമാനത്തിൽ നിന്നും വനസംരക്ഷണ സമിതി തന്നെ നേരിട്ട് വരുമാനമനുസരിച്ച് വേതനം നൽകുന്നതായും സമിതി നിരീക്ഷിക്കുന്നു.

13. ഓരോ വി.എസ്.എസ്./ഇ.ഡി.സി. കളും അതാത് ഡിവിഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ളതും ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വനവികസന ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായിരിക്കും. ഓരോ സമിതിയ്ക്കും അവയുടെ വാസസ്ഥലത്തിന് അകലെയല്ലാതെയുള്ള ഏകദേശം 200 മുതൽ 300 വരെ ഹെക്ടർ പ്രദേശം തങ്ങളുടെ പ്രവർത്തനമേഖലയായി അനുവദിച്ച് നൽകുന്നു. പ്രസ്തുത പ്രദേശത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 10 വർഷത്തേയ്ക്ക് ഒരു സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുന്നു. പ്രസ്തുത രേഖ എല്ലാ വനാശ്രിത സമൂഹാംഗങ്ങളെയും പ്രത്യേകിച്ച് സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയുള്ള പങ്കാളിത്തപഠനം (PRA) മുഖേന തയ്യാറാക്കുന്നു. പ്രസ്തുത സൂക്ഷ്മാസൂത്രണ രേഖയ്ക്ക് കൺസർവേറ്റർ/ചീഫ് കൺസർവേറ്റർ അംഗീകാരം നൽകുന്നു. സൂക്ഷ്മാസൂത്രണ രേഖയുടെ അടിസ്ഥാനത്തിൽ വിവിധ പരിപാടികൾ നടപ്പാക്കുകയും ഓരോ പത്തു വർഷം കഴിയുന്നതിനുമുമ്പായി ആവശ്യമായ കർമ്മപരിപാടികൾ ഉൾപ്പെടുത്തി സൂക്ഷ്മാസൂത്രണ രേഖ പരിഷ്കരിക്കുകയും ചെയ്യുന്നു.

14. സൂക്ഷ്മാസൂത്രണ രേഖയിൽ സമിതിയുടെ നിയന്ത്രണത്തിലുള്ള വനത്തിന്റേയും പ്രകൃതി വിഭവങ്ങളുടേയും പരിപാലനത്തിനുള്ള പദ്ധതികളെക്കുറിച്ചും, വിറക്, തടി, തീറ്റപ്പുല്ല് തുടങ്ങിയ വനവിഭവങ്ങളുടെ ഉൽപ്പാദനവും വാർഷിക ഉപഭോഗവും സംബന്ധിച്ച വിശദാംശങ്ങളും, വനത്തിന്മേലുള്ള ജനസമ്മർദ്ദം നിയന്ത്രിക്കാനുള്ള വഴികളും, വനസംരക്ഷണവും സുസ്ഥിര വികസനവും ഉറപ്പാക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചും, സ്ഥായിയായ പരിപാലനം ഉറപ്പാക്കുന്നതിന് ഓരോ പ്രദേശത്തിനും ഉല്പാദനത്തിനനുസ[illegible] വിഭവസമാഹരണം, ഉപഭോഗനിയന്ത്രണം കൂടാതെ വിവിധ [illegible]ത സമൂഹ[illegible]

ആവശ്യങ്ങളെ മുൻനിർത്തിയുള്ള ഉപഭോഗപദ്ധതി, പാരമ്പര്യ നാട്ടറിവുകൾ ആധുനിക ശാസ്ത്ര സാങ്കേതിക അറിവുകളുമായുള്ള യുക്തിപൂർവ്വമുള്ള സമന്വയനം, വനത്തിന്മേലുള്ള ആശ്രയത്വം കുറയ്ക്കാനുതകുന്ന മറ്റു വികസന പ്രവർത്തനങ്ങളുടെ വിശദാംശം എന്നിവ സമൂഹത്തിന്റെ ആവശ്യാനുസരണം രേഖയിൽ ഉൾപ്പെടുത്തുന്നു. കൂടാതെ വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ സംരക്ഷണത്തെപ്പറ്റിയുള്ള വിവരങ്ങൾ, വനംവകുപ്പ് പിന്താങ്ങേണ്ട പ്രവർത്തികളുടെ വിവരണം എന്നിവ രേഖയിൽ വ്യക്തമാക്കേണ്ടതാണെന്നും അടിസ്ഥാനലക്ഷ്യങ്ങൾ നേടാൻ വേണ്ട ആവശ്യമെന്നു കണ്ടാൽ സൂക്ഷ്മാസൂത്രണരേഖ പുതുക്കുകയോ പുനർരചിക്കപ്പെടുകയോ ചെയ്യാവുന്നതാണെന്നും സ്ഥായിയായ വിഭവ പരിപാലനവും വികസനവും ലക്ഷ്യമിട്ടുള്ള വനസംരക്ഷണം, വനപരിപാലനം, തടിയിതര വനവിഭവ വികസനം, വനേതര ഭൂമിയിലെ വിഭവപരിപാലനം, ഗ്രാമതല വികസന പ്രവർത്തനങ്ങൾ മുതലായ കാര്യങ്ങളെക്കുറിച്ചും സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു എന്നും സമിതി മനസ്സിലാക്കുന്നു.

15. പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ പ്രാരംഭദശ മുതൽ കേരളത്തിൽ നടപ്പാക്കി വരുന്നത് കേന്ദ്രാവിഷ്കൃത പദ്ധതിയായ 'നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം' എന്ന പദ്ധതിയിലൂടെയാണ് (2002-03 മുതൽ 2015-16 വരെ). നിലവിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഗ്രീൻ ഇൻഡ്യ മിഷൻ' (2016-17, 2021-22 അടങ്കൽ തുക 333 കോടി) പദ്ധതിയിലുൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും, മറ്റ് സർക്കാർ ഏജൻസികളുടെയും സാമ്പത്തിക സഹായത്തോടെ വിവിധ പരിപാടികൾ പ്രസ്തുത സമിതികൾ വഴി നടപ്പാക്കുന്നു.

16. ജൈവവൈവിധ്യ സംരക്ഷണവും, തദ്ദേശവാസികളായ വനാശ്രിതരുടെ ജീവനോപാധിവർദ്ധനവും പങ്കാളിത്ത വന പരിപാലനത്തിലൂടെ സാധ്യമാകുകയും അതോടൊപ്പം തദ്ദേശവാസികളായ വനാശ്രിതർ വനസംരക്ഷണ/വനവൽക്കരണ പ്രവർത്തികളിൽ ഏർപ്പെടുന്നതിലൂടെ വനങ്ങളിന്മേലുള്ള അമിത ആശ്രയത്വം കുറയ്ക്കുവാൻ സാധിക്കുകയും ചെയ്യുന്നു. കൂടാതെ സമിതി അംഗങ്ങളുടെ വരുമാന വർദ്ധനവിനും അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിനൊപ്പം ജീവിതനിലവാരം ഉയർത്തുന്നതിനും പങ്കാളിത്ത വനപരിപാലനം സഹായിക്കുന്നതായി സമിതി വിലയിരുത്തുന്നു.

17. കേരളത്തിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ വളരെ വിജയകരമായി മുന്നോട്ട് പോകുന്നുണ്ടെങ്കിലും നിലവിലുള്ള ചില കാതലായ പ്രശ്നങ്ങൾ സമിതിക്ക് ബോധ്യപ്പെട്ടു. ആവശ്യാനുസരണം ഫീൽഡ് ജീവനക്കാർ ലഭ്യമല്ലാത്തതിനാൽ വനസംരക്ഷണ സമിതികളുടെ സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെടുന്ന വനം വകുപ്പ് ജീവനക്കാർക്ക് വനസംരക്ഷണ പ്രവർത്തനങ്ങളും മറ്റ് ഉത്തരവാദിത്വങ്ങളും കൂടി നിറവേറ്റ

ണ്ടതിനാൽ പൂർണ്ണമായും സമിതികളുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതിനുള്ള പരിമിതിയുണ്ടെന്നും മറ്റു തൊഴിലുകളെ അപേക്ഷിച്ച് പങ്കാളിത്ത വനപരിപാലനത്തിൽ ഏർപ്പെടുന്നവർക്ക് ലഭിക്കുന്ന താരതമ്യേന കുറഞ്ഞ വരുമാനം ഈ പരിപാടിയിൽ ജനങ്ങളുടെ സജീവ പങ്കാളിത്തം ചെറിയ രീതിയിലെങ്കിലും കുറയുന്നതിന് കാരണമാകുന്നുണ്ടെന്നും കൂടാതെ സമിതി അംഗങ്ങൾക്ക് സമിതികൾ നടപ്പാക്കുന്ന പരിപാടികളെ സംബന്ധിച്ച് ആവശ്യമായ പരിശീലനം ലഭിക്കാത്തതും തങ്ങൾക്ക് പ്രയോജനകരമായ മറ്റ് മേഖലകൾ കണ്ടെത്തുന്നതിനും കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും തടസ്സം സൃഷ്ടിക്കുന്നുവെന്നും സമിതി വിലയിരുത്തുന്നു.

18. സംസ്ഥാനത്തെ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നതിനും നടത്തിപ്പിലെ പ്രശ്നങ്ങളും മറ്റും കണ്ടെത്തുന്നതിനും പ്രസ്തുത പരിപാടി കൂടുതൽ കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനായുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച പഠനം നടത്തുന്നതിനുമായി സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ 'ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസ്, കോട്ടയം' എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും പ്രസ്തുത സ്ഥാപനം തയ്യാറാക്കിയ കരട് റിപ്പോർട്ടിലെ ശിപാർശകൾ അനുസരിച്ച് പങ്കാളിത്ത വനപരിപാലന പ്രവർത്തികളും സമിതികളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിനായി ചില കർമ്മ പദ്ധതികൾ സംസ്ഥാന വനവികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

19. വനംവകുപ്പ് വാളയാറിലും, അരിപ്പയിലും സുസജ്ജമാക്കിയിട്ടുള്ള ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ എല്ലാ സമിതി പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും തുടർച്ചയായി പരിശീലനം നൽകുന്നതിനുള്ള കർമ്മപരിപാടി ആവിഷ്ക്കരിച്ച് വരുന്നതായും ഒരു പ്രാവശ്യം 25 മുതൽ 30 വരെ പേർക്കായി രണ്ട് ദിവസം നീണ്ട് നിൽക്കുന്ന പരിശീലന പരിപാടിയാണ് ആലോചിക്കുന്നതെന്നും ഇതിനായി ഒരാൾക്ക് ഒരു ദിവസത്തേയ്ക്ക് 300 രൂപ നിരക്കിൽ ഏകദേശം 14.50 ലക്ഷം രൂപ ഒരു വർഷം ചെലവ് പ്രതീക്ഷിക്കുന്നുവെന്നും എല്ലാ സമിതി അംഗങ്ങൾക്കും ഇത്തരത്തിൽ പരിശീലനം നൽകുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

20. നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ ദൂരീകരിക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിക്കുന്നുവെങ്കിലും വി.എസ്.എസ്./ ഇ.ഡി.സി.കളുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഫലപ്രദമായും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും അതിനായി വളരെയധികം മുന്നോട്ടു പോകേണ്ടതുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. വി.എസ്.എസ്./ഇ.ഡി.സി.കളുടെ പ്രവർത്തനങ്ങളുടെ വൈവിധ്യവൽക്കരണത്തിനും അവയ്ക്ക് പുതിയ പ്ലാനുകളും പദ്ധതികളും കണ്ടെത്തുന്നതിനും അവ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി പ്രൊഫഷണലുകളുടെ സേവനം ആവശ്യമാണെന്നും കൂടാതെ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങളുടെ

മേൽനോട്ടവും അവലോകനവും സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കേണ്ടതാണെന്നും ഇത് നിലവിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനത്തിനും വിലയിരുത്തലിനും ഗുണകരമാകുമെന്നും സമിതി കരുതുന്നു.

21. വി.എസ്.എസ്./ഇ.ഡി.സി. തുടങ്ങിയ ജനകീയ സമിതികളുടെ പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾക്ക് കാര്യമായ പങ്ക് വഹിക്കുന്നതിനുള്ള അവസരങ്ങൾ ലഭിക്കുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. ഇത്തരം സമിതികളുടെ നിലനിൽപ്പിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തനം ഫലപ്രദമായും ഗുണകരമായും ജനപങ്കാളിത്തത്തോടെയും മുന്നോട്ട് കൊണ്ടുപോകുന്നതിന് നൂതനമായ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും ജനപ്രതിനിധികൾക്ക് നിലവിൽ അവസരങ്ങൾ ലഭിക്കുന്നില്ല എന്നത് ഗൗരവമേറിയ വിഷയമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

22. വി.എസ്.എസ്./ഇ.ഡി.സി.കളിൽ എം.എൽ.എ.മാർ/എം.പി.മാർ മറ്റു ജനപ്രതിനിധികൾ എന്നിവർക്കു കൂടി പങ്കാളിത്തം നൽകുന്നത് ടി സമിതികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ സഹായകരമാകുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ വി.എസ്.എസ്./ഇ.ഡി.സി. കളിൽ പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റിനെ അംഗമാക്കണമെന്നും, വി.എസ്.എസ്./ ഇ.ഡി.സി. യുടെ ഏതെങ്കിലുമൊരു യോഗത്തിൽ പങ്കെടുക്കണമെന്ന് സ്ഥലം എം.എൽ.എ.മാർ ആവശ്യപ്പെട്ടാൽ അതിനുള്ള അവസരവും ജനകീയ സമിതികളുടെ യോഗം വിളിച്ച് ചേർക്കുന്നതിന് നിർദ്ദേശം നൽകുന്നതിനുള്ള സ്വാതന്ത്ര്യവും ജനപ്രതിനിധികൾക്കുണ്ടാകണമെന്നും അതോടൊപ്പം യോഗത്തെ സംബന്ധിച്ചുള്ള വിശദവിവരം അതാതു പ്രദേശത്തെ എം.എൽ.എ. മാരെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. വി.എസ്.എസ്./ഇ.ഡി.സി.കളുടെ പ്രവർത്തനം ഫലപ്രദമായും ഗുണകരമായും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുന്നതിനും സമിതികളുടെ നിലനിൽപ്പിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും അവ ഫലപ്രദമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഒരു ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള വനവികസന ഏജൻസി (ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി)കളിൽ പ്രസ്തുത ഫോറസ്റ്റ് ഡിവിഷനിലുൾപ്പെട്ട എല്ലാ എം.എൽ.എ. മാരെയും എക്സ്-ഒഫിഷ്യോ അംഗങ്ങളായി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ആദ്യമായി പവർ ജനറേഷൻ ആരംഭിച്ച 'ഏലംപീഠിക' വളരെ നല്ല രീതിയിൽ സാമ്പത്തികലാഭം നേടുന്ന ഇ.ഡി.സി. മേഖലയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ വരുമാനം ലഭിക്കുന്ന അതിരപ്പിള്ളി, വാഴച്ചാൽ തുടങ്ങിയ മേഖലകളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾക്ക് യാതൊരു പങ്കാളിത്തവുമില്ലെന്നും ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചർച്ചകളോ തുടർ നടപടികളോ അവിടെ നടക്കുന്നില്ലെന്നും സമിതി നിരീക്ഷിച്ചു. ഇത്തരം

മേഖലകളിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ജനപ്രതിനിധികൾക്ക് അവസരം ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ, പ്രാധാന്യവും വരുമാനവും അനുസരിച്ച് ടൂറിസം ഡെസ്റ്റിനേഷനുകൾക്ക് ഗ്രേഡിംഗ് നൽകണമെന്നും വരുമാനം ഏറ്റവും കൂടുതലുള്ള വി.എസ്.എസ്./ഇ.ഡി.സി. കൾ ഉൾപ്പെടുന്ന ഗ്രേഡ് I-ൽ അഡീഷണൽ ഡെസ്റ്റിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയിൽ സ്ഥലം എം.എൽ.എ.യെ എക്സ്-ഒഫിഷ്യോ അംഗമായും ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, ആ പ്രദേശത്തെ വാർഡ് മെമ്പർമാർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും, ഗ്രേഡിംഗിൽ ഉൾപ്പെടുത്താത്ത ഡെസ്റ്റിനേഷനു കളിൽ നടക്കുന്ന പ്രവർത്തികളെക്കുറിച്ച് അറിയുവാൻ എം.എൽ.എ.മാർക്ക് താല്പര്യമുണ്ടെങ്കിൽ യോഗങ്ങളിൽ അവരെക്കൂടി പങ്കെടുപ്പിക്കുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനുമുള്ള സ്വാതന്ത്ര്യം എം.എൽ.എ. മാർക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. വനസംരക്ഷണ സമിതികളെയും ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളെയും ശക്തിപ്പെടുത്തുന്നതിനായി മേൽപ്പറഞ്ഞവിധം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ഇക്കോടൂറിസം സാദ്ധ്യതയുള്ള സ്ഥലങ്ങളിലെ വി.എസ്.എസ്/ ഇ.ഡി.സി.കൾക്കു മാത്രമാണ് നല്ല വരുമാനം ലഭിക്കുന്നതെന്നും പൊന്മുടി, പാലരുവി, കോന്നി ആനക്കൂട്, പെരിയാർ, രാജമല, ആതിരപ്പിള്ളി, സൂചിപ്പാറ (സൗത്ത് വയനാട്), പാക്കം-കുറുവ (സൗത്ത് വയനാട്) എന്നിവയാണ് നിലവിൽ ഒരു കോടി രൂപയ്ക്ക് മുകളിൽ വരുമാനം നേടുന്ന വി.എസ്.എസ്/ഇ.ഡി.സി.കളെന്നും സമിതി മനസ്സിലാക്കുന്നു. പൊതുജനങ്ങളിൽ നിന്നും സന്ദർശന ഫീസായും പാർക്കിംഗ് ഫീസായും പണം സ്വരൂപിക്കുന്ന ഇത്തരം മേഖലകളിൽ പല സ്ഥലങ്ങളിലും വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പോലും ഉറപ്പാക്കുന്നില്ലെന്നുള്ള വസ്തുത സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ, വിനോദ സഞ്ചാരികളിൽ നിന്നും ഫീസ് ഈടാക്കുന്ന ഇക്കോടൂറിസം മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം അടിയന്തരമായി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിനോദസഞ്ചാരികളുടെ പരാതികൾ/നിർദ്ദേശങ്ങൾ ഓൺലൈനായി സ്വീകരിച്ച് പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. കൂടാതെ, കോടിക്കണക്കിന് രൂപ വരുമാനമുള്ള ഇത്തരം വി.എസ്.എസ്/ ഇ.ഡി.സി. കളുടെ സാമ്പത്തിക വരുമാനവും വ്യയവും സംബന്ധിച്ച കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും വരുമാനം സംബന്ധിച്ച കൃത്യമായ കണക്കുകൾ മനസ്സിലാക്കുന്നതിനും സാമ്പത്തിക ദുരുപയോഗത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനും വരുമാനത്തിന്റെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കുന്നതിനുമായി 1 കോടി രൂപയ്ക്ക് മുകളിൽ വാർഷിക

വരുമാനമുള്ള വി.എസ്.എസ്./ഇ.ഡി.സി. കളിൽ ഓഡിറ്റിംഗ് നിർബന്ധമായി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. സംസ്ഥാനത്തൊട്ടാകെ 600 ഓളം വി.എസ്.എസ്/ഇ.ഡി.സി.കൾ ഉള്ളതിൽ ലാഭകരമായി പ്രവർത്തിക്കുന്നവ ഏകദേശം 70 ഓളം മാത്രമേ ഉള്ളുവെന്നും കണ്ണൂർ പോലെ വനവിസ്തൃതി കൂടുതലുള്ള ചില ജില്ലകളിൽ പ്രവർത്തനക്ഷമമായ കമ്മിറ്റികളുടെ എണ്ണം വളരെ കുറവാണെന്നും നിലവിൽ കണ്ണൂർ ജില്ലയിൽ ഒന്നോ രണ്ടോ കമ്മിറ്റികൾ മാത്രമേ പ്രവൃത്തിക്കുന്നുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. വനാശ്രിത സമൂഹത്തിന് 365 ദിവസവും ജോലിയും വേതനവും ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണെന്നും സ്ഥിരമായ വരുമാനം ഉണ്ടായാൽ മാത്രമേ ആളുകൾ അംഗത്വം എടുക്കുവാൻ മുന്നോട്ടുവരികയുള്ളുവെന്നും അതിനായി ഇത്തരം സമിതികൾ രൂപീകരിക്കുന്നതിനും ലാഭകരമായി പ്രവർത്തന സജ്ജമാക്കുന്നതിനും കാണിക്കുന്ന അലംഭാവം മാറേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ, പ്രാദേശിക ഘടനയ്ക്ക് അനുസൃതമായി ദൂരപരിധി നിർണ്ണയിച്ച് സമിതികൾ രൂപീകരിക്കണമെന്നും ടി സമിതികളിൽ 'വോളൻററി ആൻറ് ഓപ്പൺ മെമ്പർഷിപ്പ്' എന്ന രീതിയിൽ അംഗത്വം നൽകി പരമാവധി ജോലി സ്ഥിരത ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. വി.എസ്.എസ്/ഇ.ഡി.സി.കളുടെ പ്രവർത്തനങ്ങൾക്ക് എം.എൽ.എ. ഫണ്ടും വകുപ്പിന്റെ ഫണ്ടും ലഭ്യമാകുന്നില്ലെന്ന വസ്തുത മനസ്സിലാക്കിയ സമിതി, തീരെ വരുമാനം കുറഞ്ഞ വി.എസ്.എസ്/ഇ.ഡി.സി.കളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി എം.എൽ.എ. ഫണ്ടും വകുപ്പിന്റെ ഫണ്ടും ഉപയോഗിക്കുന്നത് സംബന്ധിച്ച സാധ്യത പരിശോധിക്കേണ്ടത് അനിവാര്യമാണെന്ന് അഭിപ്രായപ്പെടുന്നു. ആയതിനാൽ വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എം.പി./എം.എൽ.എ. ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും വനം വകുപ്പിന്റെ ഫണ്ടും വിനിയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തികൾ ചെയ്യുന്നതിനുള്ള അക്രെഡിറ്റഡ് ഏജൻസിയായി വി.എസ്.എസ്./ഇ.ഡി.സി. കളെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. വരുമാനം കുറഞ്ഞ വി.എസ്.എസ്./ഇ.ഡി.സി.കളെ സഹായിക്കുന്നതിനായി വരുമാനം കൂടുതലുള്ള വി.എസ്.എസ്/ഇ.ഡി.സി. കളുടെ ഫണ്ട് കൈമാറ്റം ചെയ്യണമെന്നും ഇതിനായി ഒരു കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു

32. വനാതിർത്തികളിൽ മാത്രമല്ല വനങ്ങളിൽനിന്നും വളരെ അകലെയുള്ള ജനവാസ മേഖലകളിലേക്കും വന്യജീവികൾ ഇറങ്ങുന്നതുമൂലമുണ്ടാകുന്ന കൃഷിനാശം കേരളത്തിൽ വർദ്ധിച്ചു വരുന്നുവെന്നും, വിയർപ്പൊഴുക്കി ഉണ്ടാക്കുന്ന കാർഷിക വിളകൾ വന്യജീവികൾ നശിപ്പിക്കുന്നത് തടയേണ്ടത് അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. വന്യജീവികളുടെ നാട്ടിലേക്കുള്ള

കടന്നുകയറ്റം തടയുന്നതിന് കാലാകാലങ്ങളിൽ സർക്കാരുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവയൊന്നും പൂർണ്ണവിജയം കൈവരിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു.

33. കേരളത്തിന്റെ പരിസ്ഥിതിക്കും ഭക്ഷ്യസുരക്ഷയ്ക്കും ദോഷകരമാകാത്തവിധം വന്യജീവികളുടെ നാട്ടിലേക്കുള്ള വരവ് നിയന്ത്രിക്കുന്നതിനായി ജലസ്രോതസ്സുകൾ നവീകരിക്കേണ്ടതും മൺബണ്ടുകൾ, തടയണകൾ എന്നിവ നിർമ്മിക്കേണ്ടതും അത്യന്താപേക്ഷിതമാണെന്നും ഇത്തരം പ്രവർത്തികൾ വനത്തിന്റെയും വന്യജീവികളുടെയും സ്പന്ദനം തൊട്ടറിഞ്ഞ വനസംരക്ഷണ സമിതികളിലെ അംഗങ്ങളായ വനാശ്രിത സമൂഹത്തെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത് കൂടുതൽ പരിസ്ഥിതി സൗഹൃദമാകുമെന്നും അതോടൊപ്പം വനാശ്രിത സമൂഹത്തിന് നല്ലൊരു വരുമാന മാർഗ്ഗമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇതിനായി വന്യജീവികളുടെ നാട്ടിലേക്കുള്ള കടന്നുകയറ്റം പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളുടെ നവീകരണം, മൺബണ്ട്/തടയണ നിർമ്മാണം എന്നീ പ്രവർത്തികൾ വി.എസ്.എസ്./ഇ.ഡി.സി. കൾ മുഖേന നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. കൂടാതെ, വന്യജീവികളുടെ ആവാസ വ്യവസ്ഥയും ഭക്ഷ്യലഭ്യതയും ഉറപ്പുവരുത്തുന്നതിനായി മുൻകാലങ്ങളിൽ തേക്ക് തോട്ടങ്ങൾ നിർമ്മിച്ച മാതൃകയിൽ വനത്തിനുള്ളിൽ മാവ്, പ്ലാവ്, പുളി, വെട്ടി, പന തുടങ്ങിയ ഫലവൃക്ഷങ്ങൾ വി.എസ്.എസ്./ ഇ.ഡി.സി. കളുടെ നേതൃത്വത്തിൽ നട്ടുപിടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ തടയുന്നതിനായുള്ള ഇലക്ട്രിക് ഫെൻസിംഗിൽ ചെടികൾ പടർന്ന് കയറി വൈദ്യുതി പ്രസരണം തടസ്സപ്പെടുന്ന അവസ്ഥ വനാതിർത്തികളിൽ ഇടയ്ക്കിടെ ഉണ്ടാകുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ഇത് ഒഴിവാക്കേണ്ടതുള്ളതിനാലും വി.എസ്.എസ്./ ഇ.ഡി.സി. കളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി വനമേഖലയിലെ എല്ലാ ജോലികളിലും സമിതി അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി അതിലൂടെ അവർക്ക് തൊഴിലും മെച്ചപ്പെട്ട വരുമാനവും ലഭ്യമാക്കുക എന്ന ഉദ്ദേശം സാക്ഷാത്കരിക്കുന്നതിനായും മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ തടയുന്നതിനായുള്ള ഇലക്ട്രിക് ഫെൻസിംഗിൽ ചെടികൾ പടർന്ന് കയറി വൈദ്യുതി പ്രസരണം തടസ്സപ്പെടുന്ന സാഹചര്യങ്ങളിൽ ഇതു പുനസ്ഥാപിക്കുന്നതിനായുള്ള മെയിന്റനൻസ് പണികൾ കൂടി വി.എസ്.എസ്./ ഇ.ഡി.സി. കളെ ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശപ്രകാരം കാർഷിക പാക്കേജിലുൾപ്പെടുത്തി ഇടുക്കി ജില്ലയിലെ വട്ടവടയിൽ നിലവിലുള്ള ചെക്ക് ഡാമുകളുടെ പുനരുദ്ധാരണം ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസിയുടെ മേൽനോട്ടത്തിൽ ജനകീയ സമിതികൾ മുഖേന നടപ്പിലാക്കുവാൻ മുൻ സർക്കാരുകൾ തീരുമാനമെടുത്തിരുന്നുവെങ്കിലും ആയത് ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വട്ടവടയിലെ ചെക്ക്ഡാം നിർമ്മാണം വി.എസ്.എസ്/ഇ.ഡി.സികളെ ഏൽപ്പിക്കുന്നതു സംബന്ധിച്ച പ്രവർത്തി അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. ഫോറസ്റ്റ് ഡെവലപ്പ്മെൻറ് ഏജൻസിയിൽ അംഗങ്ങളായ പതിനാല് വകുപ്പ് ജില്ലാ ഓഫീസർമാരും കൃത്യമായി യോഗങ്ങളിൽ പങ്കെടുക്കാറുണ്ടെങ്കിലും ~~ചേരുന്നുണ്ടെങ്കിലും~~ വിവിധ വകുപ്പുകൾക്ക് വനമേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാഹചര്യം ഒരുക്കുന്ന തരത്തിൽ ചർച്ചകൾ നടക്കുന്നില്ല എന്നത് വളരെ ഗൗരമായി കാണേണ്ട വിഷയമാണെന്ന് വിലയിരുത്തിയ സമിതി, വി. എസ്. എസ്./ഇ.ഡി.സി. കളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പല സംവിധാനങ്ങളും നിലവിലുണ്ടെങ്കിലും അവ കാര്യക്ഷമമായി പ്രവർത്തനക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്ന തിനുമുള്ള നടപടികൾ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്നും ജലസേചനം, വൈദ്യുതി എന്നീ വകുപ്പുകളുടെ പല പദ്ധതികളും വി.എസ്.എസ്./ഇ.ഡി.സി. മുഖേന നടപ്പിലാക്കാവുന്നതാണെന്നും ഇത്തരത്തിൽ സമിതികളുടെ പ്രവർത്തനവും വരുമാനവും വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ വിവിധ വകുപ്പുകൾക്ക് വനമേഖലയിൽ വി.എസ്.എസ്./ഇ.ഡി.സി. മുഖേന പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച സാധ്യത പരിശോധിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. വി.എസ്.എസ്./ഇ.ഡി.സി. കളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സമിതി അംഗങ്ങൾ മുഖേന, ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ച്, ട്രൈബൽ കോളനികളിൽ റോട്ടറി മെഷീൻ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. വനങ്ങളിലെ വിലമതിക്കാനാവാത്ത വനസമ്പത്തിനും ജൈവസമ്പത്തിനും നാശം വിതക്കുന്ന പ്രതിഭാസമായ 'കാട്ടുതീ' വനത്തിലുണ്ടാക്കുന്ന പ്രത്യാഘാതം വളരെ വലുതാണ്. കാട്ടുതീ ബാധിക്കുന്ന പ്രദേശങ്ങളിലെ ജൈവവൈവിധ്യവും മണ്ണിന്റെ ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾമൂലവും ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ പൂർണ്ണമായും നശിച്ചുപോകുന്നതായും ഉരഗവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്നതായും വിവിധ ഏജൻസികൾ നടത്തിയ പഠനത്തിലൂടെ വ്യക്തമാകുന്നു. അലക്ഷ്യമായി നാം ചെയ്യുന്ന പ്രവർത്തികളാണ് കാട്ടുതീ പോലുള്ള വൻവിപത്തുകൾക്ക് വഴിവയ്ക്കുന്നത്. ആകെ വിസ്തൃതിയുടെ പകുതിയലധികം വനഭൂമിയുള്ള ഇടുക്കി ജില്ലയിലാണ് ഏറ്റവും കൂടുതൽ കാട്ടുതീ കഴിഞ്ഞവർഷം ഉണ്ടായതെന്നും ഇതുമൂലം 12 വർഷത്തിനിടയിലെ ഏറ്റവും വലിയ നഷ്ടമാണ് സംഭവിച്ചതെന്നും ഏകദേശം 441 സ്ഥലങ്ങളിലായി 2013 ഹെക്ടർ വനഭൂമി നഷ്ടപ്പെട്ടതായി കണക്കാക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വരും വർഷങ്ങളിൽ കാട്ടുതീ നിയന്ത്രണ വിധേയമാക്കുന്നതിനായി, ഫയർ & റെസ്ക്യൂ സർവ്വീസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വനംവകുപ്പ് ജീവനക്കാരോടൊപ്പം കാട്ടുതീ നിയന്ത്രിക്കുന്ന തിനായുള്ള നൈപുണ്യ പരിശീലനം വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി പ്രവർത്തകർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. കാട്ടുതീ സാധ്യത കൂടുതലുള്ള വനമേഖലകളിൽ വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കാട്ടുതീ മോണിറ്ററിംഗ് സെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. വനനശീകരണം മൂലമുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീകരമായ മുഖം പൊള്ളുന്ന യാഥാർത്ഥ്യമായി നമുക്ക ബോധ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും മഴയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവും അനുദിനം ഉയരുന്ന അന്തരീക്ഷ താപനിലയുമെല്ലാം വരാനിരിക്കുന്ന വലിയ ദുരന്തത്തിന്റെ സൂചനകളായി നാം മനസ്സിലാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇതിനെ പ്രതിരോധിക്കുന്നതിനായി വനത്തിലുള്ളിൽതന്നെ തടയണ നിർമ്മിച്ച് മഴവെള്ളം സംഭരിച്ച് നിർത്തി അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്തു ന്നതിലൂടെ കാട്ടുതീയുടെ സാധ്യത കുറയ്ക്കുന്നതിനും അതോടൊപ്പം വന്യമൃഗങ്ങൾക്ക് കാട്ടിനുള്ളിൽ തന്നെ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സാധിക്കുമെന്നും പഠനങ്ങൾ തെളിയിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വനത്തിനുള്ളിലെ തടയണ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വി.എസ്.എസ്./ഇ.ഡി.സി. കളുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും അതോടൊപ്പം ജനവാസ കേന്ദ്രങ്ങളോടടുത്തുള്ള വനമേഖലകളിൽ കാട്ടുതീ ബോധവൽക്കരണ പ്രവർത്തനം വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് പോകുന്നുണ്ടെങ്കിലും തദ്ദേശവാസികളായ വനാശ്രിതരുടെ തൊഴിലവസരങ്ങളും ജീവനോപാധിയും മെച്ചപ്പെടുന്നില്ലെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. വനാശ്രിത സമൂഹത്തിനുള്ള ഭരണപരമായ തൊഴിൽ നൈപുണ്യത്തിൻെറ അഭാവമാണ് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള കാലാനുസൃതമായ നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഭരണപരമായ ജോലികൾ അവരെ ഏൽപ്പിക്കുന്നതിനും തടസ്സം സൃഷ്ടിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വനാശ്രിതരുടെ തൊഴിലവസരങ്ങളും ജീവനോപാധിയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായി വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾക്ക് ഭരണതലത്തിൽ മതിയായ പരിശീലനം നൽകുന്നതിന് വനം വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. വനമേഖല ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിൻെറ പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന വന മേഖലകളുടെ ചാർജ്ജുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, മേഖലയിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വ്യക്തി, വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്പ്മെന്റ് സമിതിയിലെ ഒരു അംഗം എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തുതല ജാഗ്രതാസമിതികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. വനസംരക്ഷണ സമിതികളിലെ രണ്ട് വർഷ കാലാവധിയുള്ള എക്സിക്യൂട്ടീവ് കമ്മിറ്റികൾ ജനാധിപത്യ രീതിയിലല്ല തെരഞ്ഞെടുക്കപ്പെടുന്നതെന്ന ആക്ഷേപം നിലനിൽക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വി.എസ്.എസ്./ഇ.ഡി.സി. സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ജനാധിപത്യപരമാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. ഫീൽഡ് ജീവനക്കാരുടെ അഭാവത്തിൽ വനസംരക്ഷണ സമിതികളുടെ സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാർക്ക് വനസംരക്ഷണ പ്രവർത്തനങ്ങളും മറ്റ് ഉത്തരവാദിത്വങ്ങളും കൂടി നിറവേറ്റേണ്ടതിനാൽ പൂർണ്ണമായും സമിതികളുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതിന് നിലവിൽ സാധിക്കുന്നില്ലെന്ന വസ്തുത സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ ഫീൽഡ് ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി വി.എസ്.എസ്./ഇ.ഡി.സി. സമിതികളുടെ സെക്രട്ടറിമാരായി നിയമിക്കുന്നവരെ വനസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ നിന്നും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. വി.എസ്.എസ്./ഇ.ഡി.സി.കളുടെ ഫണ്ട് സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കുന്നതിനായി വി.എസ്.എസ്/ഇ.ഡി.സി.കളുടെ ഫണ്ടുകൾ അതതു പ്രദേശത്തെ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. വനസംരക്ഷണ സമിതികളെല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് മനസ്സിലാക്കുന്നതിനായി അവയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് (ആക്ഷൻ പ്ലാൻ) സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. നാം ഭൂമിയുടെ ഉടമസ്ഥരല്ല സൂക്ഷിപ്പുകാർ മാത്രമാണെന്ന ബോധം നമുക്ക് ഓരോരുത്തർക്കും ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ പൂർവ്വികർ നമുക്ക് കൈമാറിയ ഭൂമി വരും തലമുറകൾക്ക് എല്ലാ ജൈവവൈവിധ്യത്തോടുംകൂടി കൈമാറുവാൻ നാം ബാധ്യസ്ഥരാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുണ്ടാകേണ്ട ജൈവബന്ധം പുനഃസ്ഥാപിച്ചുകൊണ്ടു മാത്രമേ മനുഷ്യസമൂഹത്തിന്റെ സുഗമമായ പ്രയാണം സാധ്യമാകുകയുള്ളുവെന്നും അതിനായി നാം ഓരോരുത്തരും പ്രവർത്തിക്കേണ്ട താണെന്നും സമിതി അഭിപ്രായപ്പെടുന്നു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
26 മാർച്ച് 2018.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്